ആഗസ്റ്റ് 2022

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ






# യുവജന ദിനം

യുവജന ശുശ്രൂഷയ്ക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്ന സമയമാണ്. യുവത്വം എങ്ങനെ ഒരുക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണ് വരുംകാലത്തിന്റെ ദിശാബോധങ്ങൾ നിർണയിക്കപ്പെടുന്നത്. സഭയുടെ യുവത്വം വിശ്വാസ തീക്ഷ്ണതയുടെയും സുവിശേഷ മൂല്യങ്ങളുടെയും നേർസാക്ഷ്യമായി ഒരുക്കപ്പെടേണ്ടതുണ്ട്. ലഹരിയുടെയും മറ്റ് അനേകം തിന്മകളുടെയും കരാളഹസ്തങ്ങളിൽ ഉഴലുന്ന ഒരു യുവത്വത്തിന് ശോഭനമായ ഒരു നാളെയുടെ പ്രതീക്ഷയാകാനാവില്ല. അതുകൊണ്ടുതന്നെ നമ്മുടെ യുവത്വം എപ്രകാരം രൂപീകരിക്കപ്പെടുന്നു എന്നതിനെക്കുറിച്ച് ആഴമേറിയ വിലയിരുത്തലുകളും ക്രിയാത്മകമായ പ്രവർത്തനങ്ങളും ആവശ്യമാണ്. അതിന് എല്ലാവർക്കും സാധിക്കട്ടെ എന്ന പ്രാർത്ഥനയോടെ യുവജന ദിനാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മാളിയേക്കൽ**
ചീഫ് എഡിറ്റർ

ആഗസ്റ്റ് 2022

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ

രക്ഷാധികാരി
റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

മാനേജിംഗ് എഡിറ്റർ
ഫാ. ജോയ് സ്രാമ്പിക്കൽ

എഡിറ്റർ ഇൻ ചാർജ്ജ്
**ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ**

അസോസ്സിയേറ്റ് എഡിറ്റേഴ്സ്
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ഫാ. ലിജോ മാത്യുസ് താണിപ്പിള്ളി

എക്സിക്യൂട്ടീവ് എഡിറ്റർ
ടൈറ്റസ് ഗോതുരുത്ത്

സർക്കുലേഷൻ മാനേജർ
ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി

പത്രാധിപസമിതി
സിപ്പി പള്ളിപ്പുറം
ജോസഫ് പനക്കൽ
ജോയ് ഗോതുരുത്ത്

ഡി.ടി.പി.
നിഷ സോജൻ

രൂപകല്പന
**ഇമേജ് (കിഡ്സ്) കോട്ടപ്പുറം**

എഡിറ്റർ
ദിദിമോസ്, വികാസ്
കോട്ടപ്പുറം - 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

**പൈതൃകാമുഖം........................................4**

**യുവജനംപ്രത്യാശാനിർഭരമായ**

**ഭാവിയുടെ പ്രവാചകർ........................................5**

**മഞ്ഞുമാതാവ്........................................7**
രതീഷ് ഭജനമഠം, ആലപ്പുഴ

**വാർത്താജാലകം........................................9**






# പൈതൃകാമുഖം

റൈറ്റ് റവ.ഡോ.
**ജോസഫ് കാരിക്കശ്ശേരി**

**തി**രുസഭയുടെ യുവജന പ്രേക്ഷിത ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കുവാനും ഈ ശുശ്രൂഷയുടെ പ്രാധാന്യത്തെ മനസ്സിലാക്കുവാനും ഒരു യുവജനദിനം കൂടി ആഗതമാകുകയാണ്. ഈ വർഷം ജൂലൈ മാസം 3-ാം തീയതി ഞായറാഴ്ച രൂപതാതലത്തിലും ജൂലൈ മാസം 10-ാം തീയതി ഞായറാഴ്ച ഇടവക തലത്തിലും നാം യുവജനദിനമായി ആഘോഷിക്കുകയാണ്. "ക്രൈസ്തവ യുവത്വം ഐക്യത്തിന്റെ പ്രേക്ഷിതർ" എന്നതാണ് ഈ വർഷത്തെ യുവജനദിന ആപ്തവാക്യം. തിരുസഭയുടെ ശുശ്രൂഷകളെ നയിക്കുന്ന കൂട്ടായ്മയുടെ അരൂപിയുടെ പ്രേക്ഷിതരായി മാറുവാൻ തിരുസഭാമാതാവ് യുവജനങ്ങളെ പ്രത്യേകമായി ക്ഷണിക്കുന്നു. ഈ ലോക ജീവിതവഴിയിലെ എല്ലാ വിഘടനത്തിന്റെ സാമൂഹ്യ പരിസ്ഥിതിയെ ക്രിസ്തുവിന്റെ സ്നേഹത്തിൽ അതിജീവിക്കുവാനുള്ള ഒരു പരിശ്രമമായിരിക്കണം യുവജന പ്രേക്ഷിത ശുശ്രൂഷയിൽ നിറഞ്ഞു നിൽക്കേണ്ടത്. ഐക്യത്തിന്റെ പ്രേക്ഷിതരായി മാറുന്ന ഒരു യുവജന തലമുറയിലാണ് ലോകത്തിന്റെ പ്രതീക്ഷ. അതുകൊണ്ടാണ് അനിശ്ചിതത്വത്തിന്റെയും പ്രതിസന്ധിയുടെയും ഒരു കാലത്തിൽ ലോകത്തിന് പ്രത്യാശയുടെ സാക്ഷികളെ ആവശ്യമുണ്ടെന്ന് കഴിഞ്ഞവർഷത്തെ രൂപതാതല യുവജന ആഘോഷങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ഫ്രാൻസിസ് പാപ്പാ പഠിപ്പിച്ചത്. കലുഷിതമായ സാമൂഹിക പരിസരങ്ങൾ നിലനിൽക്കുന്ന ഒരുകാലത്ത് സുവിശേഷം പങ്കുവയ്ക്കുന്ന സ്നേഹത്തെയും പ്രത്യാശയുടെയും ദൂത് പങ്കുവയ്ക്കുവാൻ യുവജനങ്ങൾളെ ആദരിക്കണമെന്ന സൂചനയാണ് പാപ്പാ പങ്കുവയ്ക്കുന്നത്. സുവിശേഷം എന്നത് അത്യന്തികമായി സ്നേഹത്തിന്റെ ശുശ്രൂഷയാണല്ലോ.

അതിസങ്കീർണമായ സാമൂഹിക പരിസ്ഥിതിയിലൂടെയാണ് നാം ജീവിക്കുന്നത്. നമ്മുടെ വിശ്വാസ ജീവിതത്തിന് എതിരായും ക്രൈസ്തവ സാക്ഷ്യം അതിനെതിരായുള്ള എല്ലാ പ്രതിലോമ പ്രവർത്തനങ്ങളെയും ജാഗ്രതയോടെ തിരിച്ചറിഞ്ഞ് അതിനെതിരെ ശബ്ദം ഉയർത്തി മുന്നോട്ടു പോകുവാൻ നമ്മുടെ യുവതലമുറയ്ക്ക് സാധിക്കണം. സാമൂഹ്യ മാധ്യമങ്ങളിലും മറ്റ് മാധ്യമ ഇടങ്ങളിലും ക്രിസ്തീയ സാക്ഷ്യത്തിന് അടയാളങ്ങളായി നമ്മുടെ യുവജനങ്ങൾ മാറണം. വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും നമുക്ക് നഷ്ടപ്പെട്ടുപോകുന്ന അവകാശങ്ങൾക്കും അവസരങ്ങൾക്കും വേണ്ടി കൂട്ടായി നിന്ന് നമുക്ക് ശബ്ദിക്കാനും കൂട്ടായ പ്രവർത്തനങ്ങളിലൂടെ അവ നേടിയെടുക്കുവാനും പരിശ്രമിക്കണം. ക്രിസ്തുവിന്റെ സ്നേഹം യുവതയുടെ ആവേശമാകട്ടെ. യുവജനദിന ആശംസകൾ ഈശോയുടെ നാമത്തിൽ നേരുന്നു.



# യുവജനം

# പ്രത്യാശാനിർഭരമായ ഭാവിയുടെ പ്രവാചകർ

അനിശ്ചിതത്വത്തിന്റെയും പ്രതിസന്ധിയുടെയും ഒരു കാലഘട്ടത്തിൽ ലോകത്തിന് പ്രത്യാശയുടെ സാക്ഷികളെ ആവശ്യമുണ്ടെന്ന് പഠിപ്പിച്ചുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ കഴിഞ്ഞവർഷം രൂപതാതല യുവജനദിന ആഘോഷങ്ങളെ അഭിസംബോധന ചെയ്തത്. കലുഷിതമായ സാമൂഹ്യപരിസരങ്ങൾ നിലനിൽക്കുന്ന ഒരു കാലത്ത് സുവിശേഷം പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെയും പ്രത്യാശയുടെയും ദൂത് പങ്കുവയ്ക്കുവാൻ യുവജനങ്ങൾക്ക് സാധിക്കണം എന്ന സൂചനയാണ് പാപ്പ പങ്കുവയ്ക്കുന്നത്. സുവിശേഷ വേലയെന്നത് ആത്യന്തികമായി സുവിശേഷ ശുശ്രൂഷയാണല്ലോ.

വി. പൗലോസ് ശ്ലീഹായുടെ ജീവിതത്തെ ഈശോയുടെ സ്നേഹത്തെ പങ്കുവയ്ക്കുന്ന സ്നേഹശുശ്രൂഷയുടെ മാതൃകയായി ഫ്രാൻസിസ് പാപ്പ അവതരിപ്പിക്കുന്നുണ്ട്. നീ എഴുന്നേൽക്കുക. ഇപ്പോൾ നീ എന്നെപ്പറ്റി കണ്ടതും ഇനി കാണുവാനിരിക്കുന്നതുമായവയ്ക്കു സാക്ഷിയും ശുശ്രൂഷകനുമായി നിന്നെ നിയമിക്കാനാണ് ഞാൻ നിനക്ക് പ്രത്യക്ഷപ്പെട്ടിരിക്കുന്നത് (അപ്പ. പ്രവർത്തനങ്ങൾ 26 : 16).

നീ അനുഭവിച്ചതും അനുഭവിക്കാനിരിക്കുന്നതുമായ ദൈവാനുഭവങ്ങളുടെ സാക്ഷിയാവുകയെന്ന സുവിശേഷ ദൗത്യത്തിലേക്കാണ് ഈശോ വി. പൗലോസ് ശ്ലീഹായുടെ യൗവ്വനത്തെ വിളിച്ചത്. ഇത് ഓരോ യുവതീയുവാക്കന്മാർക്കുള്ള ദൈവവിളിയാണ്. സുവിശേഷം നമ്മുടെ മുന്നിൽ വയ്ക്കുന്ന മൗലീകമായ നിയോഗം ക്രിസ്തുവിന്റെ സ്നേഹത്തെ സാക്ഷ്യപ്പെടുത്തുക

യെന്ന ദൗത്യമാണല്ലോ. അങ്ങനെ ഈശോയുടെ സ്നേഹത്തെ അറിയുന്ന ഓരോരുത്തരും അവിടുന്ന് ജീവിക്കുന്ന ദൈവമാണെന്ന് അറിഞ്ഞ് അനുഭവിച്ച് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുംവിധം ആത്മീയമായി ബലപ്പെടണം. യുവജന സിനഡിനു ശേഷം പരിശുദ്ധ ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ആഹ്വാനത്തിന്റെ പേര് "ക്രിസ്തു ജീവിക്കുന്നു" എന്നാണ് എന്നത് ഇത്തരുണത്തിൽ പ്രത്യേകം സ്മരണാർഹമാണ്.

ഈശോയോടൊപ്പമുള്ള യാത്രയെന്നാൽ തിരുസഭയോടൊപ്പമുള്ള യാത്രയാണ്. "കർത്താവേ, അങ്ങ് ആരാണ്" എന്ന വി. പൗസോസ് ശ്ലീഹായുടെ ചോദ്യത്തിന് ഈശോ നൽകുന്ന മറുപടി "നീ പീഡിപ്പിക്കുന്ന യേശുവാകുന്നു ഞാൻ" (അപ്പ. പ്രവർത്തനങ്ങൾ 9 : 5) എന്നതാണല്ലോ. മറ്റൊരിടത്ത് എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത് (മത്താ 25 : 40) എന്ന് ഈശോ സൂചിപ്പിക്കുന്നു. ദൈവജനത്തിന്റെ കൂട്ടായ്മയിൽ ഈശോയുടെ സ്നേഹം പങ്കുവയ്ക്കപ്പെടുന്നു. അഥവാ തിരുസഭയുടെ കൂട്ടായ്മയിൽ ക്രിസ്തുവിന്റെ സ്നേഹം നാം പങ്കുവച്ച് അനുഭവിക്കുന്നു. ആയതിനാൽ ഈശോയോടൊപ്പമുള്ള നമ്മുടെ ജീവിതം തിരുസഭയ്ക്കൊപ്പമുള്ള ജീവിതമാണ് എന്ന് യുവജനം തിരിച്ചറിയേണ്ടതുണ്ട്. തിരുസഭയുടെ കൂട്ടായ്മയിൽ നിന്നകന്നുകൊണ്ട് ആർക്കും ഈശോയുടെ സ്നേഹത്തിന്റെ പൂർണ്ണത അനുഭവിക്കാനാവില്ല. തിരുസഭയുടെ പ്രേഷിത ദൗത്യത്തിന്റെ പുതിയ കാലത്തിന്റെ എല്ലാ മേഖലകളിലെയും മുഖങ്ങളായി യുവജനങ്ങൾ മാറേണ്ടതുണ്ട്. ജീവിതം ഒരു പ്രേഷിത പ്രവർത്തനമാണെന്നും "ക്രിസ്തു ജീവിക്കുന്നു" എന്ന യുവജന സിദ്ധാന്തത്തെ അപ്പസ്തോലിക ആഹ്വാനത്തിലെ ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ നമുക്ക് വലിയ ദിശാബോധം നൽകുന്നുണ്ട്.

സമകാലീന ലോകത്തിൽ ജാഗ്രതയോടെ നാം മുന്നോട്ട്

അതിസങ്കീർണ്ണമായ സാമൂഹ്യപരിസ്ഥിതിയിലൂടെയാണല്ലോ നാം ജീവിക്കുന്നത്. സ്നേഹത്തിന്റെ സന്ദേശം ക്രൈസ്തവസാക്ഷ്യത്തെ പങ്കുവഹിച്ചുകൊണ്ടായിരിക്കണം നമ്മുടെ യുവജനങ്ങൾ മുന്നോട്ടു പോകേണ്ടത്. അതോടൊപ്പം തന്നെ നാം ജീവിക്കുന്ന സാമൂഹ്യപരിസ്ഥിതിയിൽ വിശ്വാസജീവിതത്തിനെതിരായും ക്രൈസ്തവസാക്ഷ്യത്തിനെതിരായുമുള്ള എല്ലാ പ്രതിലോമ പ്രവർത്തനങ്ങളെയും ജാഗ്രതയോടെ തിരിച്ചറിയാനും അതിനെതിരെ ശബ്ദമുയർത്തുവാനും നമ്മുടെ യുവതലമുറയ്ക്ക് സാധിക്കണം. സാമൂഹ്യമാധ്യമങ്ങളിലും മറ്റ് ദൃശ്യമാധ്യമ ഇടങ്ങളിലും നടക്കുന്ന അത്തരെ പ്രവർത്തനങ്ങളെ നാം തിരിച്ചറിഞ്ഞ് ജീവിക്കണം. സാമൂഹ്യമാധ്യമങ്ങളിലും മറ്റ് ജീവിതത്തിന്റെ വ്യത്യസ്തയിടങ്ങളിലും ക്രിസ്തീയ സാക്ഷ്യത്തിന്റെ അടയാളങ്ങളായി നമ്മുടെ യുവജനങ്ങൾ മാറണം. നമുക്ക് വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും നഷ്ടപ്പെട്ടുപോകുന്ന അവകാശങ്ങൾക്കും അവസരങ്ങൾക്കും വേണ്ടി കൂട്ടായി നിന്ന് നമുക്ക് ശബ്ദിക്കാനും കൂട്ടായ പ്രവർത്തനങ്ങളിലൂടെ അവ നേടിയെടുക്കാനും പരിശ്രമിക്കണം. ക്രിസ്തുവിന്റെ സ്നേഹം യുവതയുടെ ആവേശമാകട്ടെ. യുവജനദിനത്തിന്റെ ആശംസകൾ നേരുന്നു.

രതീഷ് ഭജനമഠം, ആലപ്പുഴ

# മഞ്ഞുമാതാവ്



ആഗോള തിരുസഭ മഞ്ഞുമാതാവിന്റെ തിരുനാൾ ആചരിക്കുന്നത് ആഗസ്റ്റ് 5 നാണ്. ലോകത്തിലെ ഏറ്റവും പ്രധാന മരിയൻ ദേവാലയമായ റോമിലെ മേരി മജോരെ മേജർ ബസിലിക്കായുടെ സ്ഥാപനവുമായി ബന്ധപ്പെട്ട അത്ഭുതവുമായി ബന്ധപ്പെട്ടാണ് മഞ്ഞുമാതാവിന്റെ ഭക്തി ആരംഭിച്ചത്. റോമിലെ നാല് ബസിലിക്കാകളിൽ ഒന്നാണ് സാന്ത മരിയ മജോരെ ബസിലിക്ക എന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിലുള്ള ഈ മഹാദേവാലയം. റോമിലെ സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ് ഔട്ട് സൈഡ് ദ് വാൾസ്, സെന്റ് മരിയ മജോരെ, സെന്റ് ജോൺ ലാറ്ററൻ - എന്നീ ദേവാലയങ്ങളാണ് മേജർ ബസിലിക്കാകൾ. തിരുസഭയുടെ നാല് പാരമ്പര്യത്തെ, നാല് ബസിലിക്കാകൾ പ്രതിനിധാനം ചെയ്യുന്നു. സെന്റ് ജോൺ ലാറ്ററൻ റോമൻ സിംഹാസനത്തെയും, സെന്റ് പീറ്റേഴ്സ് കോൺസ്റ്റാന്റിനോപ്പാളിനെയും, സെന്റ് പോൾസ് അലക്സാണ്ട്രിയായെയും, മഞ്ഞുമാതാവിന്റെ പള്ളി എന്നറിയപ്പെടുന്ന മേരി മജോരെ അന്ത്യോക്യായെയും പ്രതിനിധാനം ചെയ്യുന്നു. പാപ്പായുടെ അൾത്താരയും ജൂബിലി വർഷത്തിൽ തുറക്കുന്ന വിശുദ്ധ വാതിലുകളും മേജർ ബസിലിക്കാകളിലുണ്ട്. ടൈബർ നദീതീരത്തിന്റെ ഇരുഭാഗങ്ങളിലുമായിട്ടാണ് റോമാനഗരം സ്ഥിതിചെയ്യുന്നത്. ടൈബർ നദിയുടെ കിഴക്കു ഭാഗത്ത് ഏഴു കുന്നുകളും പടിഞ്ഞാറു ഭാഗത്ത് രണ്ട് കുന്നുകളുമുണ്ട്. കിഴക്കെ കരയിലുള്ള ഏഴു കുന്നുകളിൽ ഒന്നാണ് എസ്ക്വിലീൻ. ഈ കുന്നിലാണ് ഏറെ പ്രസിദ്ധമായ മേരി മജോരെ മേജർ ബസിലിക്ക സ്ഥാപിതമായിരിക്കുന്നത്. വാസ്തുശില്പ കലാചാരുതയിൽ ഏറെ മികച്ചു നിൽക്കുന്ന ഈ ദേവാലയം പരിശുദ്ധ മറിയത്തിന് പ്രതിഷ്ഠിച്ചിരിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ പള്ളികളിൽ ഒന്നാണ്.

എ.ഡി നാലാം നൂറ്റാണ്ടിൽ റോമിൽ ജീവിച്ചിരുന്ന ധനികനായ ഒരു ക്രൈസ്തവ വിശ്വാസിയായിരുന്നു ജിയോവാന്നി. കുട്ടികൾ ഇല്ലാത്ത ജിയോവാന്നി തന്റെ സ്വത്ത് എങ്ങനെ വിനിയോഗിക്കണമെന്ന് ആലോചിച്ചിരിക്കെ എ.ഡി 352 ആഗസ്റ്റ് 4 ന് രാത്രിയിൽ പരിശുദ്ധ കന്യകാമറിയം അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ട് എസ്ക്വിലീൻ കുന്നിൽ ഒരു ദേവാലയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടു. മലയിൽ എവിടെ ദേവാലയം പണിയണമെന്ന് ആലോചിച്ചു നിന്ന അദ്ദേഹത്തിന് പരിശുദ്ധ അമ്മ മലയിൽ മഞ്ഞ് കാണുന്ന സ്ഥലത്ത് ദേവാലയം സ്ഥാപിക്കണമെന്ന അടയാളം നൽകി. കടുത്ത വേനൽക്കാലമായ ആഗസ്റ്റിൽ റോമിൽ മഞ്ഞ് വീഴാറില്ലായിരുന്നു. ആ കാലത്തെ പാപ്പായായിരുന്ന പോപ്പ് ലിബേരിയൂസിനെ (എ.ഡി 352 - 366) ജിയോവാന്നി ഈ അത്ഭുത സംഭവം അറിയിച്ചു. ഇതേപോലുള്ള മരിയൻ ദർശനം തനിക്കും ലഭിച്ചതായും എസ്ക്വിലീൻ മലയിൽ നിർമ്മിക്കേണ്ട ദേവാലയ മാതൃകയിൽ മഞ്ഞു കാണുമെന്നും പരിശുദ്ധ അമ്മ അറിയിച്ചതായി ലിബേരിയൂസ് പാപ്പ ജിയോവാന്നിയെ അറിയിച്ചു. മാതാവിന്റെ സന്ദേശപ്രകാരം ലിബേരിയൂസ് പാപ്പ ആഗസ്റ്റിലെ ആ കനത്ത ചൂടുകാലത്ത് എസ്ക്വിലീൻ കുന്നിൽ എത്തിയപ്പോൾ കുന്നിന്റെ ഒരു ഭാഗത്ത് അത്ഭുതകരമായി മഞ്ഞായിരുന്നു. വേനൽക്കാലത്ത് ഇപ്രകാരം സംഭവിച്ചത് അത്ഭുതമായിരുന്നു. പാപ്പായുടെ ആവശ്യപ്രകാരം മഞ്ഞു കിടന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം അളന്നതിനെ തുടർന്ന് മഞ്ഞ് അപ്രത്യക്ഷമായി. എസ്ക്വിലീൻ കുന്നിൽ പരിശുദ്ധ മറിയത്തിന്റെ നാമത്തി

ലുള്ള ദേവാലയത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കണമെന്ന് ലിബേരിയൂസ് പാപ്പ കല്പിച്ചു. ഇവിടുത്തെ പ്രഥമ ദേവാലയം എ.ഡി 358 ൽ നിർമ്മാണം പൂർത്തിയാക്കി ആശിർവ്വദിച്ചു. ഈ ദേവാലയത്തിൽ മാതാവ് അറിയപ്പെടുന്നത് മഞ്ഞുമാതാവ് എന്നാണ്. ആഗസ്റ്റ് 5 നാണ് മഞ്ഞുമാതാവിന്റെ തിരുനാൾ ഇവിടെ ആചരിക്കുന്നത്.

എഫേസൂസ് സുനഹദോസിനെ തുടർന്ന് വി. സിക്സ്റ്റസ് മൂന്നാമൻ (എ.ഡി 432 – 440) പാപ്പായാണ് മഞ്ഞുമാതാവിന്റെ ദേവാലയം മനോഹരമായി പുനർനിർമ്മിച്ചത്. വിവിധ കാലഘട്ടങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾക്കുശേഷം 1750 കാലഘട്ടത്തിലാണ് ഈ മേജർ ബസിലിക്ക ഇന്നു കാണുന്ന രീതിയിലെത്തിയത്. ഈ ദേവാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ പ്രധാന ശില്പി ഫെർഡിനാൻഡോ ഫൂഗായാണ്. ഈ ദേവാലയത്തിലെ മണിമാളികയ്ക്ക് 70 മീറ്റർ ഉയരമുണ്ട്. ഇതാണ് റോമിലെ ഏറ്റവും ഉയരംകൂടിയ മണിമാളിക. ശില്പിയായ ഫൂഗായാണ് ഇതിന്റെ മുഖവാരം നിർമ്മിച്ചത്. ഈ ദേവാലയത്തിന്റെ മുൻഭാഗത്തും പിൻവശത്തുമായി ഓരോ ചത്വരമുണ്ട്. പിൻഭാഗത്തിലെ ചത്വരത്തിലെ ഈജിപ്ഷ്യൻ ഒബ്ലിസ്ക് 1587 ൽ സ്ഥാപിച്ചതാണ്. ദേവാലയ മുൻഭാഗത്തിന് ഇരുവശത്തുമായി വി. ചാൾസ് ബൊറോമിയോ, വാഴ്ത്തപ്പെട്ട നിക്കോളാസ് അൽബെർഗാത്തി എന്നിവരുടെ രൂപങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഞ്ച് വാതിലുകളുള്ള ഈ ബസിലിക്കായുടെ പ്രധാന ഭാഗത്തിന് 86 മീറ്റർ നീളവും 29 മീറ്റർ വീതിയുമുണ്ട്. ഈ ബസിലിക്കയിലെ പ്രധാന അൾത്താര ശില്പി ഫൂഗ 1747 ൽ നിർമ്മിച്ചതാണ്. അൾത്താരയ്ക്കു താഴെയായി അപ്പസ്തോലനും സുവിശേഷകനുമായ വി. മത്തായിയുടെയും രക്തസാക്ഷികളുടെയും തിരുശേഷിപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. സിക്സ്റ്റസ് പാപ്പ നിർമ്മിച്ച 'സിക്സ്റ്റൈൻ കപ്പേള' പോൾ അഞ്ചാമൻ പാപ്പ നിർമ്മിച്ച 'പൗളീൻ കപ്പേള' എന്നിവ ഈ ദേവാലയത്തിലെ പ്രധാന ഭാഗങ്ങളാണ്. യേശുവിന്റെയും മാതാവിന്റെയും ജീവിതവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ഈ ബസിലിക്കായിലെ ചുമർ ചിത്രങ്ങൾ വളരെ ആകർഷണീയമാണ്. മാതാവ് ജിയോവാന്നിയ്ക്ക് ദർശനം നൽകുന്നതിന്റെ ഛായാചിത്രം ഏറെ പ്രാധാന്യമുള്ളതാണ്. ഈ ബസിലിക്കായിലെ വെങ്കല പ്രതിമകൾ, വെങ്കല സക്രാരി, മൊസെയ്ക് ചിത്രങ്ങൾ, മാർബിൾ സ്തംഭങ്ങൾ തുടങ്ങിയവ ഏറെ കലാമേന്മയുള്ളതും ആകർഷണീയവുമാണ്. റോമിൽ വരുന്ന ലക്ഷക്കണക്കിന് മരിയൻ തീർത്ഥാടകരാണ് ഈ ദേവാലയം സന്ദർശിക്കാൻ എത്തുന്നത്.

ഭാരതസഭയിലും മഞ്ഞുമാതാവുമായി ബന്ധപ്പെട്ട ഭക്തി ഏറെ പ്രാധാന്യമുള്ളതാണ്. ഭാരതത്തിലെ പ്രമുഖ മരിയൻ തീർത്ഥാടന കേന്ദ്രങ്ങളായ തമിഴ്നാട്ടിലെ തൂത്തുക്കുടി രൂപതയിലുള്ള തൂത്തുക്കുടി ബസിലിക്ക, കള്ളിക്കുളം പള്ളി, കോട്ടപ്പുറം രൂപതയിലെ പള്ളിപ്പുറം ബസിലിക്ക – എന്നീ ദേവാലയങ്ങൾ മഞ്ഞുമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടതാണ്. ഈ ദേവാലയങ്ങളിൽ ആഗസ്റ്റ് 5 നുള്ള മഞ്ഞുമാതാവിന്റെ തിരുനാൾ ഏറെ പ്രാധാന്യമുള്ളതാണ്. വൈപ്പിൻകരയിലെ അതിപുരാതന ക്രൈസ്തവ കേന്ദ്രമായ പള്ളിപ്പുറം ബസിലിക്ക മഞ്ഞുമാതാവിന്റെ നാമത്തിൽ അറിയപ്പെടാനിടയായ അത്ഭുതസംഭവം ഇപ്രകാരമാണ്. ടിപ്പുസുൽത്താന്റെ പടയോട്ടകാലത്ത് 1791 കാലഘട്ടത്ത് കോട്ടപ്പുറം കോട്ടയും കുര്യാപ്പള്ളി കോട്ടയും ടിപ്പുവും സൈന്യവും തകർത്തശേഷം പള്ളിപ്പുറം കോട്ടയും പള്ളിയും മാതാവിന്റെ സംരക്ഷണത്താൽ അത്ഭുതകരമായി സംരക്ഷിക്കപ്പെട്ടു. ടിപ്പുവും സൈന്യവും എത്തിയ സമയം പള്ളിപ്പുറം പള്ളിയും പ്രദേശവും മൂടൽ മഞ്ഞാൽ മൂടപ്പെട്ടിരുന്നു എന്നാണ് പറയപ്പെടുന്നത്. ഈ പ്രദേശത്തെ ആക്രമിക്കാൻ എത്തിയ ടിപ്പുവും സൈന്യവും മഞ്ഞുകണ്ട് തിരിച്ചുപോയി. മാതാവിന്റെ പ്രത്യേകം അനുഗ്രഹം കൊണ്ടാണ് പള്ളിപ്പുറം പള്ളിയും പരിസരവും അത്ഭുതകരമായി മഞ്ഞുകൊണ്ട് മൂടപ്പെട്ടതെന്നാണ് പരമ്പരാഗതമായ വിശ്വാസം. ഈ അത്ഭുത സംഭവത്തോടെയാണ് പള്ളിപ്പുറം പള്ളി മഞ്ഞുമാതാവിന്റെ പള്ളി എന്നറിയപ്പെട്ടു തുടങ്ങിയത്.

### സഹായഗ്രന്ഥങ്ങൾ


1. പേപ്പൽ പീഡിയ – നേവി ജോർജ്ജ്
2. ആഗോളസഭയിലെ മരിയൻ തീർത്ഥാടന കേന്ദ്രങ്ങൾ – ഫാ. പോൾ നായ്ക്കരക്കുടിയിൽ
3. വരാപ്പുഴ അതിരൂപത ശതാബ്ദി സ്മരണിക
4. വിശ്വാസത്തിന്റെ മഞ്ഞ്, പള്ളിപ്പുറം മഞ്ഞുമാത പള്ളിയുടെ ചരിത്രം – ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ



കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെയും ജൽ ജീവൻ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ലോക ജലദിനാചരണത്തിന് ഭാഗമായി തെരുവുനാടകം സംഘടിപ്പിച്ചു. ജലസംരക്ഷണത്തിൻറെ ആവശ്യകതയെ മുൻനിർത്തി, "കരുതി വെക്കാം ഒരിറ്റു ദാഹജലം"എന്ന പേരിലാണ് തെരുവു നാടകം സംഘടിപ്പിച്ചത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി നടത്തുന്ന ജൽജീവൻ മിഷന്റെ ഔദ്യോഗിക നിർവ്വഹണ സഹായ ഏജൻസിയാണ് കോട്ടപ്പുറം കിഡ്സ്. പഞ്ചായത്ത് അധികൃതർ, ഐ.എസ്.എ. പ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, മറ്റ് ജനപ്രതിനിധികൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. തൃശ്ശൂർ പാവറട്ടി, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തുകളിലും തെരുവുനാടകം അവതരിപ്പിക്കുകയുണ്ടായി.

---



കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും കേരള സോഷ്യൽ സർവ്വീസ് ഫോറത്തിൻറെയും എറിയാട് ഗ്രാമപഞ്ചായത്തിൻറെയും സംയുക്താഭിമുഖ്യത്തിൽ കോൺഫറൻസ് എപ്പിസ്കോപ്പ ഇറ്റാലിയാനയുടെ സഹകരണത്തോടെ സംഘടിപ്പിച്ച തീരദേശജൈവ പരിപാലന വലയംത്തിൻറെ ഔപചാരികമായ ഉദ്ഘാടനം കയ്പമംഗലം എം.എൽ.എ. ശ്രീ. ടൈസൺ മാസ്റ്റർ നിർവ്വഹിച്ചു. കോട്ടപ്പുറം കിഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ എറിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. രാജൻ കെ.പി അദ്ധ്യക്ഷനായിരുന്നു. കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. അഴീക്കോട് കോസ്റ്റൽ ഡിപ്പാർട്ട്മെൻറ് ഓഫീസർ ശ്രീ. കിരൺ, വികസന സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ അസിം പികെ, ബ്ലോക്ക് മെമ്പർ നൗഷാദ് കറുകപാടത്ത്, വാർഡ് മെമ്പർമാരായ ശ്രീ സാദത്ത്, ശ്രീമതി ലൈല സേവ്യർ, ശ്രീമതി നെജുമ അബ്ദുൾകരീം കിഡ്സ് കോട്ടപ്പുറം അസി. ഡയറക്ടർമാരായ റവ. ഫാ. നീൽ ചടയംമുറി, റവ. ഫാ. വർക്ഷീസ് കാട്ടശ്ശേരി, കേരള സോഷ്യൽ സർവ്വീസ് ഫോറം കോഡിനേറ്റർ ശ്രീ ജിറ്റു. എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. 1400 കാറ്റാടി മരങ്ങളാണ് പദ്ധതിയുടെ ആദ്യഭാഗമായ് നട്ടുപിടിപ്പിക്കുന്നത്.

സുനാമി, ചുഴലിക്കാറ്റുകൾ, തീരദേശ ശോഷണം, സമുദ്രനിരപ്പ് ഉയരുക തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ തീര പ്രദേശത്ത് നാശമുണ്ടാക്കുന്നു. കഴിഞ്ഞ 10 വർഷത്തിൽ 500 മീറ്റർ തോതിൽ അധികം തീരപ്രദേശം കേരളത്തിന് നഷ്ടമായി. കാറ്റിൻറെയും തിരമാലയുടെയും ഊർജ്ജത്തെ/ ശക്തിയെ വിഘടിപ്പിക്കാനും വ്യതിചലിപ്പിക്കാനും, തീരദേശവാസികളുടെ ജീവനും സ്വത്തുക്കളും ദുരന്തങ്ങളിൽ നിന്ന് സംരക്ഷിക്കുവാനും കഴിയുന്ന പ്രകൃതിദത്തമായ അല്ലെങ്കിൽ

മനുഷ്യനിർമ്മിതമോ ആയ നിർമ്മിതികളാണ് തീരദേശ സംരക്ഷണവലയം. പ്രകൃതിക്ക് അനുയോജ്യമായ തീരസംരക്ഷണത്തിനു അത്യുത്തമം, 50മീ ത 28 മീ വിസ്തൃതിയിൽ ഇവിടെ നിർമ്മിച്ചിരിക്കുന്നതുപോലുള്ള ജൈവ സംരക്ഷണ വലയങ്ങളാണ്. ദിനം പ്രതി തീരം നഷ്ടമാകുന്ന കേരളത്തിൻറെ തീരസംരക്ഷണത്തിനു അഭികാമ്യവും അനിവാര്യവുമായ ഷെൽട്ടർ ബെൽറ്റ് അഥവ ജൈവ സംരക്ഷണമേഖല മാതൃക ഈ നാടിന് സമർപ്പിച്ചു.

---




പറവൂർ ഡോൺ ബോസ്കോ ആശുപത്രിയിൽ ലോക നഴ്സസ് ദിനം ആചരിച്ചു. ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. തലസ്ഥാന നഗരിയായ ദില്ലിയിലും ഡോൺ ബോസ്കോ ആശുപത്രിയിലുമായി അരനൂറ്റാണ്ടിലേറെ ആതുരശുശ്രൂഷാ രംഗത്ത് സ്തുത്യർഹ സേവനം അനുഷ്ഠിച്ച ലില്ലി മേട്രൺ എന്നറിയപ്പെടുന്ന മിസ്. ലില്ലി വർഗീസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേരയും ഫാ. ഷാബു കുന്നത്തൂരും ചേർന്ന് ഫലകം സമ്മാനിച്ചും പൊന്നാട അണിയിച്ചും ലില്ലി മേട്രനെ ആദരിച്ചു. തുടർന്ന് സിനി ഇ.എൽ, മിനി പി.ടി എന്നിവരെ മികച്ച നഴ്സുമാർക്കുള്ള അവാരഡു നൽകി ആദരിച്ചു. ഫാ. ഷാബു കുന്നത്തൂർ, ഡോ. പൗലോസ് മത്തായി, സിസ്റ്റർ മേരി പ്രഭ, ശ്രീ. മുരളീധരൻ എന്നിവർ പ്രസംഗിച്ചു.

---




## ഡോൺ ബോസ്കോയിൽ ഡോക്ടേഴ്സ് ദിനാചരണവും സ്ത്രീകളിലെ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പും

ദേശീയ ഡോക്ടേഴ്സ് ദിനാചരണത്തോടനുബന്ധിച്ച് ഡോൺ ബോസ്കോ ആശുപത്രിയിൽ 2022 ജൂലൈ 1 മുതൽ ആരംഭിക്കുന്ന സ്ത്രീകളിലെ ക്യാൻസർ രോഗനിർണ്ണയ ക്യാമ്പിന് തുടക്കം കുറിച്ചു. ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര അദ്ധ്യക്ഷത വഹിച്ചു. ഡി.വൈ.എസ്.പി വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ശ്രീ.എം. ആർ മധു ബാബു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോൺ ബോസ്കോ ആശുപത്രി ജീവനക്കാരുടെയും ജനകീയ പങ്കാളിത്തത്തോടുംകൂടി ആരംഭിക്കുന്ന സൗജന്യ ഡയാലിസിസ് പദ്ധതി സാന്ത്വനം പറവൂർ നഗരസഭാ അധ്യക്ഷ ശ്രീമതി പ്രഭാവതി ടീച്ചർ ഉദ്ഘാടനം ചെയ്തു. ശ്രീ. ആന്റോ ആലൂക്കാസ് ആദ്യ സംഭാവന ആശുപത്രി ഡയറക്ടർക്ക് കൈമാറി. ഫാ. ഷാബു കുന്നത്തൂർ, ഡോ. പൗലോസ് മത്തായി, ശ്രീ. ആന്റോ ആലൂക്കാസ്, അഡ്വ. റാഫേൽ ആന്റണി, എ.കെ മുരളീധരൻ, സിസ്റ്റർ പ്രിയ ജോൺ, സിസ്റ്റർ പ്രഭ എന്നിവർ പ്രസംഗിച്ചു.

---



## ആദരം 2K22അവാർഡ്ദാന ചടങ്ങ്

പുത്തൻവേലിക്കര പ്രസന്റേഷൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബിരുദ പരീക്ഷയിൽ റാങ്കുകൾ കൈവരിച്ച ഗോപിക രുദ്രൻ, അന്ന അലീന ഫ്രാൻസിസ്, ബെല്ല ബ്രിജിറ്റ് സി.എച്ച് എന്നിവരെയും, എ പ്ലസ്, എ ഗ്രേഡുകൾ നേടിയ കുട്ടികളെയും അവാർഡുകൾ നൽകി ആദരി

ച്ചു. കോട്ടപ്പുറം രൂപത വികാരി ജനറൽ റവ. മോൺ. ആന്റണി കുരിശിങ്കൽ അദ്ധ്യക്ഷനായ മീറ്റിംഗ് എം. ജി യൂണിവേഴ്സിറ്റി കൺട്രോളർ ഓഫ് എക്സാമിനേഷൻ ശ്രീ. ഡോ. സി.എം ശ്രീജിത്ത് ഉദ്ഘാടനം നിർവ്വഹിക്കുകയും കുട്ടികൾക്ക് അവാർഡുകൾ നൽകി ആദരിക്കുകയും ചെയ്തു. കോളേജ് മാനേജർ റവ. ഫാ. ഷൈജൻ കളത്തിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പാൾ ശ്രീ. ഫെബി ഫാസ്, വൈസ് പ്രിൻസിപ്പാൾ ശ്രീമതി. രശ്മി പി.എ, അസി. മാനേജർ റവ. ഫാ. ക്ലീറ്റസ് കോച്ചിക്കാട്ട്, പി.ടി.എ ജോയിന്റ് സെക്രട്ടറി ശ്രീമതി തസ്നീം റെജിൽ യൂണിയൻ വൈസ് ചെയർപേഴ്സൺ കുമാരി അലീന എ. എ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.



## കോട്ടപ്പുറം രൂപത സിനഡ് നടത്തി

റോമിൽ നടക്കാനിരിക്കുന്ന മെത്രാൻമാരുടെ 16 – മത് സാധാരണ സിനഡിന്റെ കോട്ടപ്പുറം രൂപതാതല സമാപനമായി കോട്ടപ്പുറം രൂപത സിനഡ് നടന്നു.വികാസ് ആൽബർട്ടെൻ അനിമേഷൻ സെന്ററിൽ നടന്ന രൂപത സിനഡ് കോട്ടപ്പുറം ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്തു. കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. ഡോ. ആന്റണി കുരിശിങ്കൽ അധ്യക്ഷത വഹിച്ചു. കോട്ടപ്പുറം രൂപത ചാൻസിലർ റവ. ഡോ. ബെന്നി വാഴക്കൂട്ടത്തിൽ സിനഡ് പ്രാർത്ഥന നടത്തി. തുടർന്ന് രൂപതയിലെ സിനഡ് പ്രവർത്തനങ്ങൾ അവതരിപ്പിച്ച് ഗ്രൂപ്പ് ചർച്ച നടത്തുകയും ഗ്രൂപ്പ് ലീഡർമാർ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ പങ്കുവയ്ക്കുകയും അവ ക്രോഡീകരിക്കുകയും ചെയ്തു. കോട്ടപ്പുറം രൂപതാ സിനഡ് കോഡിനേറ്റർ മാരായ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി , റീന സൈമൺ എന്നിവർ പ്രസംഗിച്ചു .

സിനഡ് സമ്മേളനത്തിന് മുന്നോടിയായി കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ നടന്ന ദിവ്യബലിക്ക് ബിഷപ്പ് റൈറ്റ് . റവ .ഡോ. ജോസഫ് കാരിക്കശ്ശേരി മുഖ്യ കാർമ്മികത്വം വഹിച്ചു. രൂപത വികാർ ജനറൽ മോൺ. ഡോ.ആന്റണി കുരിശിങ്കൽ, ചാൻസിലർ റവ.ഡോ. ബെന്നി വഴക്കൂട്ടത്തിൽ രൂപതയിലെ തിരഞ്ഞെടുക്കപ്പെട്ട വൈദികർ, സന്യസ്തർ, രൂപത പ്രതിനിധികൾ എന്നിവർ ഈ ദിവ്യബലിയിൽ സംബന്ധിച്ചു. ബിഷപ്പ് ഡോ. കാരിക്കശ്ശേരി ബൈബിൾ പ്രതിഷ്ഠ നടത്തി. ദിവ്യബലിക്കു ശേഷം ബിഷപ്പ് ഡോ. കാരിക്കശ്ശേരിയുടെ നേതൃത്വത്തിൽ കോട്ടപ്പുറം രൂപതാതല സിനഡ് സമാപന ത്തിന്റെ സന്ദേശറാലി കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ നിന്നും വികാസിലേക്ക് ആരംഭിച്ചു. റോമിൽ നിന്നും നല്കപ്പെട്ട സിനഡിന്റെ എംപ്ലത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സന്ദേശങ്ങൾ കൈമാറുന്ന ചിത്രങ്ങളുമായി പ്രതിനിധികൾ അണിനിരന്നു.. പേപ്പൽ പതാകകളും ബലൂണുകളും വർണ്ണ കുടകളും കൈകളിലേന്തിയ ജനസമൂഹം റാലി ആകർഷണീയമാക്കി

കോട്ടപ്പുറം രൂപതയിലെ വിവിധ സന്യാസ സമൂഹത്തിലെ സുപ്പീരിയർമാരും രൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും കോട്ടപ്പുറം രൂപതാ സിനഡ് കോർ കമ്മിറ്റി അംഗങ്ങളും ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങളും, ബി സി സി എക്സിക്യൂട്ടീവ് അംഗങ്ങളും ഓരോ ഇടവകകളിലെ കേന്ദ്രസമിതി പ്രസിഡന്റുമാരും ഇടവക സിനഡ് കോ ഓഡിനേറ്റർമാരും സമ്മേളനത്തിൽ പങ്കെടുത്തു.

2021 ഒക്ടോബർ 10 ന് റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഫ്രാൻസിസ് പാപ്പ 2023-ൽ നടത്തപ്പെടാൻ .പോകുന്ന മെത്രാൻമാരുടെ സാധാരണ സിനഡിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തിയിരുന്നു. അതിന്റെ ഭാഗമായി 2021 ഒക്ടോബർ 17 ന് കോട്ടപ്പുറം രൂപയിലെ സിനഡിന്റെ പ്രവർത്തനങ്ങൾ ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്തിരുന്നു. തുടർന്ന് രൂപതയിലെ എല്ലാ വൈദികർക്കും അതോടൊപ്പം സന്യസ്തർക്കും ഇടവകകളിലെ കേന്ദ്രസമിതി ഭാരവാഹികൾക്കും ശുശ്രൂഷ സമിതി അംഗങ്ങൾക്കും സിനഡ് പരിശീലന ക്ലാസുകൾ നൽകി. സിനഡാത്മക സ യ്ക്ക് കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതത്വം എന്നീ വിഷയങ്ങളിൽ കുടുംബസിനഡും, യൂണിറ്റ് സിനഡും, ഇടവകസിനഡും കോട്ടപ്പുറം രൂപതയിലെ എല്ലാ ഇടവകകളിലും നടത്തപ്പെടുകയും ചെയ്തു

---



## വിശുദ്ധ യൗസേപ്പിതാവിന്റെ അറിയാ കഥകളുടെ അടയാളപ്പെടുത്തലുകളുമായി പാലകൻ 2022 ഫോട്ടോ പ്രദർശനം

കെസിവൈഎം കൊത്തൊലെൻഗോ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുടുംബ വർഷാചരണത്തിന്റെ ഭാഗമായി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും ശേഖരിച്ച കുടുംബങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തിന്റെ നേർക്കാഴ്ചകളുമായി വിശുദ്ധന്റെ 900 അപൂർവ്വ ചിത്രങ്ങളുടെ പ്രദർശനം *പാലകൻ 2022* പറവൂർ സെന്റ് ജോസഫ് കൊത്തൊലെൻഗോ പാരിഷ് ഹാളിൽ വെച്ചു ഫാദർ ക്ലൗഡിൻ ബിവേര (ഡോൺ ബോസ്കോ ഹോസ്പിറ്റൽ ഡയറക്ടർ) ഉദ്ഘാടനം നിർവഹിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ദൈവാലയങ്ങളിൽ നിന്നും ശേഖരിച്ചിട്ടുള്ള ഈ ചിത്രങ്ങളെല്ലാം അപൂർവ്വങ്ങളും നാം ഇതുവരെ കാണാത്തവയും വ്യത്യസ്തങ്ങളുമാണ്.

വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തിലൂടെയുള്ള സുന്ദരമായൊരു യാത്രയാണീ ചിത്രങ്ങൾ. വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തെ ബൈബിൾ ആസ്പദമാക്കി 10 വിഭാഗങ്ങളാക്കി തിരിച്ചാണ് ചിത്രങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. പരിശുദ്ധ കന്യകാ മറിയവുമായുള്ള വിവാഹ വാഗ്ദാനം, യൗസേപ്പിതാവിന്റെ സ്വപ്നങ്ങൾ, തിരുകുടുംബവുമായി ഈജിപ്തിലേക്കുള്ള പലായനം, യേശുവിനെ ദൈവാലയത്തിൽ കാഴ്ച വയ്ക്കുന്നത്, തിരുകുടുംബം, യേശുവിനെ ദൈവാലയത്തിൽ കണ്ടുമുട്ടുന്നത്, യൗസേപ്പിതാവും ഉണ്ണിയേശുവും, തിരുസഭയുടെ പാലകൻ, ഫ്ളോറൻസിൽ നിന്നുള്ള ചിത്രങ്ങൾ, യൗസേപ്പിതാവിന്റെ മരണവും മഹത്വവും എന്നിവയാണ് ഈ 10 ശീർഷകങ്ങൾ.

യൗസേപ്പിതാവിന്റെ ചിത്രങ്ങൾക്ക് അത്രയധികം പ്രശസ്തമാണ് ഫ്ലോറൻസ് . ഒപ്പം ഫ്രാൻസ്, സ്പെയിൻ, കൊളംബിയ, അമേരിക്ക, ഇറ്റലി, ക്രൊയേഷ്യ, ഓസ്ട്രേലിയ, റഷ്യയിൽ നിന്ന് പലകയിൽ വരച്ചിട്ടുള്ള നിരവധി വർഷത്തെ പഴക്കമുള്ള ഐക്കൺ ചിത്രങ്ങൾ, റോമിൽ നിന്നുള്ള വ്യത്യസ്ത ചിത്രങ്ങൾ തുടങ്ങി നിരവധി രാജ്യങ്ങളിലെ ചിത്രങ്ങൾ യൗസേപ്പിതാവിന്റെ ജീവിതത്തിന്റെ വ്യത്യസ്ത കാഴ്ചയൊരുക്കുന്നു.

ശേഖരത്തിലെ ചിത്രങ്ങൾ ഭൂരിഭാഗവും വരച്ചവയാണ്.

വിശുദ്ധ ജോസഫ് കൊത്തൊലെൻഗോ ദൈവാലയത്തിലെ കെസിവൈഎം യൂണിറ്റ് ഒരുക്കിയ ഈ ചിത്രപ്രദർശനം വിശുദ്ധന്റെ ജീവിതത്തിലൂടെയുള്ള മനോഹരമായ ഒരു തീർത്ഥാടന യാത്രയുടെ അനുഭവമായിരിക്കുമെന്നു ഇടവക വികാരിയും കെസിവൈഎം കൊത്തൊലെൻഗോ ഡയറക്ടറുമായ ഫാ. റെക്സൻ പിന്റോ അഭിപ്രായപ്പെട്ടു . പ്രദർശനം കഴിഞ്ഞിറങ്ങുന്നവരിൽ ഈ ദൃശ്യ വിസ്മയങ്ങളുടെ ആഴംവും വിശുദ്ധ നെക്കുറിച്ചുള്ള അറിവുകൾക്ക് പുതുജീവൻ കിട്ടിയതിന്റെ സംതൃപ്തിയും ദൃശ്യമായിരുന്നു.



## ഡോൺബോസ്കോ ആശുപത്രിയിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ കത്ത് ലാബ് ഉദ്ഘടനം

ഡോൺബോസ്കോ ആശുപത്രിയുടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കത്ത് ലാബിന്റെ ഉദ്ഘടനം, കേരള നിയമസ യുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഡ്വക്കേറ്റ് ശ്രീ. വി. ഡി. സതീശൻ നിർവഹിച്ചു. കോട്ടപ്പുറം രൂപതയുടെ വികാരി ജനറൽ മോൺസിഞ്ഞോർ ആന്റണി കുരിശിങ്കൽ അധ്യക്ഷത വഹിച്ചു.

പറവൂർ നഗരസഭാ അധ്യക്ഷ ശ്രീമതി. പ്ര ാവതി ടീച്ചർ ആശുപത്രിയുടെ പുതിയ ലോഗോ പ്രകാശനം ചെയ്തു. നഗരസഭാ പ്രതിപക്ഷനേതാവ് ശ്രീ. ടി. വി. നിധിൻ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ലോഗോ ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. പൗലോസ് മത്തായിക്ക് കൈമാറുകയും, കൗൺസിലർ ശ്രീ. ജി. ഗിരീഷ് ഇ. എസ്. ഐ യുടെ ലോഗോ കാർഡിയോളോജിസ്റ് ഡോ. കെ. എ. ഹംസയ്ക്ക് നൽകിക്കൊണ്ടും നാടിന് സമർപ്പിച്ചു.

ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര, നഗരസഭാ വൈസ് ചെയർമാൻ ശ്രീ. എം. ജെ. രാജു, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ജില്ലാ കോഡിനേറ്റർ ശ്രീമതി. ഹേമ, ഫാ. ഷാബു കുന്നത്തൂർ, അഡ്വ. റാഫേൽ ആന്റണി, ഡോ. പൗലോസ് മത്തായി, ഡോ. കെ. എ. ഹംസ, ഡോ. വിനോദ് തോമസ്, ശ്രീ. എ. കെ. മുരളീധരൻ, സിസ്റ്റർ പ്രഭ എന്നിവർ പ്രസംഗിച്ചു.

---




## ഫാ. എബ്രഹാം മുത്തോലത്ത് ഫൗണ്ടേഷൻ നർച്ചർ ഇക്കോളജി അവാർഡ് -2022 കോട്ടപ്പുറം കിഡ്സ് കരസ്ഥമാക്കി

കേരള കാത്തലിക് ബിഷപ്പ് കോൺഫ്രൻസ് ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്മെൻറിൻറെ കീഴിൽ കേരളത്തിലെ 32 രൂപത കളുടെ പൊതു ബോഡിയായ കേരള സോഷ്യൽ സർവ്വീസ് ഫോറത്തിൻറെ ആഭിമുഖ്യത്തിൽ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായ് നടത്തുന്ന ഫാ. എബ്രഹാം മുത്തോലത്ത് ഫൗണ്ടേഷൻ നർച്ചർ ഇക്കോളജി അവാർഡ് -2022 കോട്ടപ്പുറം കിഡ്സിന്. കോട്ടയം കേരള സോഷിൽ സർവ്വീസ് ഫോറം ആമോസ് സെൻററിൽ വെച്ചു നടന്ന 41-ാം മത് ആനുവൽ ജനറൽ ബോഡി മീറ്റിങ്ങിൽ വെച്ച് കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ കെ.എസ്.എസ്.എഫ് ചെയർമാൻ മാർ. ജോസ് പുളിക്കലിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി.

---

## കോട്ടപ്പുറം രൂപതയിൽ കുടുംബ വർഷാചരണം പമിലിയ മീറ്റ് ഉദ്ഘാടനം ചെയ്തു

കുടുംബങ്ങളുടെ നവീകരണവും ശാക്തികരണവും ലക്ഷ്യം വച്ച് ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപ്പിച്ച കുടുംബവർഷാചരണത്തിൻറെ ഭാഗമായി കോട്ടപ്പുറം രൂപതയിലെ ഫാമിലി അപ്പോസ്തലേറ്റിൻറെ നേതൃത്വത്തിലുള്ള കുടുംബവർഷാചരണ സമാപന സമ്മേളനം കേരള പ്രതിപക്ഷനേതാവ് ബഹു. അഡ്വ. വി. ഡി സതീശൻ ഉദ്ഘാടനം ചെയ്തു. തലമുറകളിൽ നിന്നും തലമുറകളിലേക്ക് കൈമാറേണ്ട അനു വങ്ങളും ശീലങ്ങളും നല്ല കുടുംബബന്ധങ്ങളിലാണ് ഉണ്ടാകുന്നതെന്നും നല്ല കുടുംബങ്ങളിൽ നിന്നാണ് നല്ല പുരോഹിതർ, നല്ല രാഷ്ട്രീയ നേതാക്കൾ, സമൂഹത്തിൻറെ മൂല്യബോധമുള്ള നല്ല മനുഷ്യർ എന്നീവർ ഉണ്ടാകുന്നതെന്നും തൻറെ ഉദ്ഘാടനപ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. കുടുംബവർഷാചരണ സമാപന സമ്മേളനത്തിൽ കോട്ടപ്പുറം രൂപത അദ്ധ്യക്ഷൻ റൈറ്റ്. റവ. ഡോ. ജോസഫ് കാരിക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു.



കേന്ദ്രഗവൺമെൻറ് തപാൽ ഓഫീസിൻറെ കീഴിൽ വരുന്ന സുകന്യ ജീവൻ സമൃദ്ധി പദ്ധതിയുടെ വിതരണവും അദിവന്ദ്യ പിതാവ് നിർവ്വഹിച്ചു. തുടർന്ന് പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹധന സഹായ പദ്ധതിയായ സാന്ത്വന മംഗല്യനിധിയുടെ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് അഡ്വ. വി. ഡി. സതീശൻ നിർവ്വഹിച്ചു. കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. ഡോ. ആൻറണി കുരിശീങ്കൽ സാന്ത്വന മംഗല്യ ധനസഹായപദ്ധതികൾക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. നാലും അതിൽ കൂടുതലും മക്കളുള്ള പ്രോ-ലൈഫ് കുടുംബങ്ങൾക്ക് മെമൻറോ നൽകി ആദരിക്കുന്ന ചടങ്ങ് കെ. ആർ. എൽ. സി. ബി. സി ഡെപ്യൂട്ടി സെക്രട്ടറി വെരി. റവ. ഫാ. തോമസ് തറയിൽ നിർവ്വഹിച്ചു. കോട്ടപ്പുറം രൂപതയും ഡോൺ ബോസ്‌ക്കോ ഹോസ്‌പ്പിറ്റലും സംയുക്തമായി ആരംഭിക്കുന്ന നാലുമുതലുള്ള കുഞ്ഞുങ്ങളുടെ നേർമൽ പ്രസവ ചികിത്സാ സൗജന്യ പദ്ധതിയും സിസേറിയൻ പ്രസവ ചികിത്സയ്ക്ക് ഇളവ് നല്കുന്ന പദ്ധതിയ്ക്കും ഡോൺ ബോസ്‌ക്കോ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ക്ലോഡിൻ ബിവേര തുടക്കം കുറിച്ചു സംസാരിച്ചു. കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ റൈറ്റ്. റവ. ഡോ. ജോസഫ് കാരിക്കശ്ശേരി ജ്ഞാനസ്നാനം നൽകിയ 98 കുഞ്ഞുങ്ങൾക്ക് ജീവൻ സമൃദ്ധിയുടെ പാരിതോഷികവും മെമൻറോയും നൽകി ആ കുടുംബങ്ങളെ ആദരിക്കുകയും. നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങൾക്ക് മെമൻറോ നൽകി ആദരിക്കുകയും ചെയ്തു. കുടുംബവർഷാചരണ സമാപന സമ്മേളനത്തിന് കോട്ടപ്പുറം രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി സ്വാഗതവും കോട്ടുവള്ളി ഇടവകാംഗം ശ്രീ. ജെസ്മോൻ വലിയപറപ്പിൽ നന്ദിയും അർപ്പിച്ചു. കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും നൂറിലധികം കുടുംബങ്ങളും ഫാമിലി അപ്പോസ്തലേറ്റ് ശുശ്രൂഷ ഭാരവാഹികളും ഈ സംമ്മേളനത്തിൽ പങ്കെടുത്തു.

---



## പ്രൊഫ. ഡോ.കെ.വി. പീറ്റർ അന്തരിച്ചു

കേരള കാർഷിക സർവ്വകലാശാല മുൻ വൈസ് ചാൻസലറും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ സ്പൈസസ് ഗവേഷണവിഭാഗം ഡയറക്ടറുമായിരുന്ന തൃശൂർ തിരുഹൃദയ ലത്തീൻ പള്ളി ഇടവകാംഗം പ്രൊഫ. ഡോ. കെ.വി. പീറ്റർ (74) ഇന്നലെ (മെയ് 15)അന്തരിച്ചു. സംസ്ക്കാരം ഇന്ന് (മെയ് 16) 2.30 ന് മണ്ണുത്തിയിലുള്ള വനത്തിൽ ആരംഭിച്ച് തൃശൂർ തിരുഹൃദയ ലത്തീൻ പള്ളിയുടെ മിഷൻ ക്വാർട്ടേഴ്സിലുള്ള സിമിത്തേരിയിൽ .കൊച്ചി രൂപതയിലെ കുമ്പളങ്ങി കുറുപ്പാശ്ശേരിൽ പരേതരായ ദേവസി - റോസ ദമ്പതികളുടെ മകനാണ്. മുൻ കേന്ദ്ര മന്ത്രി കെ.വി.തോമസ് സഹോദരനാണ്.

നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള അദ്ദേഹം രാജ്യാന്തര ശ്രദ്ധ നേടിയ നൂറോളം ശാസ്ത്ര ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ അക്കാദമിക് കൗൺസിൽ അംഗമായിരുന്നു. ചെന്നൈ ആസ്ഥാനമായ ഇന്റർനാഷ്ണൽ സൊസൈറ്റി ഫോർ നോനി സയൻസ് സെകട്ടറിയാണ്. സ്പൈസസ ബോർഡ് മെമ്പർ, സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ട് മെമ്പർ , സെക്രട്ടറി, ഇന്ത്യൻ സൊസൈറ്റി ഓഫ് വെജിറ്റബിൾ സയൻസ് ഫെലോ, നിരവധി ശാസ്ത്ര ജേണലുകളുടെ എഡിറ്റോറിയൽ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള ലത്തീൻ സഭയുടെ നയരൂപീകരണ സമിതിയായ കെ.ആർ.എൽ.സി.സി.യുടെ ആരംഭകാലം മുതൽ അദ്ദേഹം പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട അംഗമായിരുന്നു. കോട്ടപ്പുറം രൂപത പാസ്റ്ററൽ കൗൺസിൽ അംഗമാണ്. റാഫി അഹമ്മദ് കിദ്വായ് അവാർഡ്, ഡോ.എം.എച്ച് മാരിഗൗഡ അവാർഡ്, ഇന്ത്യൻ സൊസൈറ്റി ഓഫ് സ്പൈസസ് സുഗന്ധഭാരതി അവാർഡ്,

കെ.സി.ബി.സി. ഗുരുശ്രേഷ്ഠ പുരസ്കാരം, കെ.ആർ.എൽ.സി.ബി.സി.യുടെ പുരസ്കാരം എന്നിവ കരസ്ഥമാക്കിയിട്ടുണ്ട്. ഭാര്യ: വിമല. മക്കൾ : അൻവർ, അജയ്. മരുമക്കൾ: അനു, സൈനറ.

---



"അണയാം വിശുദ്ധ കുർബാനയിൽ, ജീവിക്കാം തിരുക്കുടുംബമായ്" എന്ന ആപ്തവാക്യം ഏറ്റെടുത്തുകൊണ്ട് കൊടുങ്ങല്ലൂർ കോട്ടപ്പുറം രൂപത 2022 - 2023 പുതിയ അധ്യയനവർഷ ഉദ്ഘാടനം വർണ്ണാർഭമായ കർമ്മപരിപാടികളോടുകൂടെ നടത്തപ്പെട്ടു. ആഘോഷമായ വിശ്വാസ പ്രഖ്യാപന റാലിയും തുടർന്ന് സെന്റ് മൈക്കിൾസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട ദിവ്യബലിയിലും രൂപതയിലെ 1200 അദ്ധ്യാപകർ പങ്കെടുത്തു. വികാർ ജനറൽ മുഖ്യകാർമ്മികൻ ആയി. രൂപതാ ചാൻസലർ ഫാദർ ബെന്നി വാഴക്കൂട്ടത്തിൽ ഉദ്ഘാടന സന്ദേശം നൽകി. ദീർഘകാലം മതബോധന രംഗത്ത് സേവനം ചെയ്ത 300 മതാദ്ധ്യാപകരെ ആദരിച്ചു. വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവരെ പ്രത്യേകം ആദരിച്ചു.

---



## കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്കായി സാൻജോ മീറ്റ് 2022 ഉദ്ഘാടനം ചെയ്തു.

വിവാഹം കഴിഞ്ഞു 5 വർഷം വരെയായ ദമ്പതികൾക്കായി ഒരു ഏകദിന പരിശീലന ക്യാമ്പ് ഒറ്റപ്പാലം ഫാമിലി കോർട്ട് ജഡ്ജ് ആദരണീയനായശ്രീ. കെ.ജെ ആർബി കൈമാതുരുത്തി ഉദ്ഘാടനം ചെയ്തു. വിവാഹജീവിതത്തിലെ തകർച്ചകൾ കൂടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വരും തലമുറയിലെ മക്കളുടെ സാമൂഹിക തിന്മകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്ന് ജഡ്ജ് കെ.എ.ആർബി സർ പരാമർശിച്ചു. ഈ ഏകദിന പരിശീലന ക്യാമ്പിൽ കോട്ടപ്പുറം രൂപതാ ചൻസലർ റവ. ഡോ. ബെന്നി വാഴക്കൂട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടപ്പുറം വികാർ ജനറൽ മോൺ. ഡോ. ആന്റണി കുരിശിങ്കൽ ഈ ക്യാമ്പിൽ മുഖ്യപ്രഭാഷണം നടത്തി. "സാൻജോ മീറ്റ് 2022" ഏകദിന പരിശീലന ക്യാമ്പിൽ ദമ്പതികൾക്കായുള്ള വിവിധ മാനങ്ങളെക്കുറിച്ച് കെ.സി.ബി.സി.

ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിലും, വിവാഹജീവിതത്തിലെ മാനസിക പ്രതിബദ്ധതയെക്കുറിച്ച് കോട്ടപ്പുറം രൂപത ക്ലിനിക്കൽ സൈക്കോളജിസ്റ്റ് റവ. ഡോ. ജിജു ജോർജ്ജ് അറക്കത്തറയും, ജീവന്റെ മൂല്യത്തെക്കുറിച്ച് സീനിയർ ഗൈനക്കോളജിസ്റ്റ് ഡോ. ഫിന്റോ ഫ്രാൻസിസും പുരുഷ സ്ത്രീ മനഃശാത്രത്തെക്കുറിച്ച് കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. എ.ആർ ജോണും പരിശീലന ക്ലാസ്സുകൾ നയിച്ചു. കോട്ടപ്പുറം രൂപതയിലെ 52 ഇടവകകളിൽ നിന്നും തിരഞ്ഞെടുത്ത ദമ്പതികൾക്കാണ് പരിശീലന ക്ലാസ്സുകൾ നൽകിയത്. പരിശീലന ക്യാമ്പിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി സ്വാഗതവും മുൻ പ്രധാന അദ്ധ്യാപിക ശ്രീമതി. റീന സൈമൺ നന്ദിയും അർപ്പിച്ചു.



കൊടുങ്ങല്ലൂർ സെന്റ് തോമസ് തീർത്ഥാടന ദേവാലയത്തിൽ മതബോധന വിഭാഗത്തിന്റെയും കെസിവൈഎം ന്റേയും നേതൃത്വത്തിൽ യുവജന ദിനം ആഘോഷിച്ചു. 2022 ജൂലൈ മാസം പത്താം തീയതി ദിവ്യബലിയോടു കൂടി ആഘോഷങ്ങൾ ആരംഭിച്ചു. തുടർന്ന് കൊടുങ്ങല്ലൂർ സെന്റ് തോമസ് തീർത്ഥാടന ദേവാലയം റെക്ടർ ഫാദർ സിജോ വേലിക്കകത്തോട്ട് പതാക ഉയർത്തി. ഇടവക ഗര്യാ ആനിമേറ്റർക്ക് വൃക്ഷ തൈ നൽകി ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് യുവജനങ്ങൾക്ക് സന്ദേശം നൽകി. രൂപത ഗര്യാ ജോ. സെക്രട്ടറി ശ്രീ ആമോസ് മനോജും, ഇടവക ഗര്യാ അനിമേറ്റർ സി. ഗ്രീഷ്മ ഇഠഇ യും ആശംസകൾ അറിയിച്ചു കൊണ്ട് സംസാരിച്ചു. തുടർന്ന് വൃക്ഷ തൈ വിതരണവും മധുര വിതരണവും നടത്തി യുവജന ദിനം ആഘോഷിച്ചു



Holy Family Latin Church, ചാലക്കുടി യുവജന ദിനാഘോഷങ്ങൾ വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ചു. പരിശുദ്ധിയുടെയും വളർച്ചയുടെയും പ്രതീകമായി വെള്ള വസ്ത്രം അണിഞ്ഞു കൊണ്ട് യുവജനങ്ങൾ വൃക്ഷത്തൈകൾ കൈകളിലേന്തി procession ൽ പങ്കെടുത്തു. ഇടവക വികാരി ഞല്. Fr Johnson Rocha, യുവജനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്യുകയും പതാക ഉയർത്തുകയും ചെയ്തു. Br. Justin Dcruz സന്ദേശം നൽകി. Cancer രോഗികൾക്ക് മുടി മുറിച്ച് നൽകൽ, പൂ കൃഷി ചെയ്യൽ, കടലേറ്റ പ്രദേശങ്ങളിൽ മണൽചാക്ക് അടുപ്പിക്കൽ തുടങ്ങിയ കാരുണ്യപ്രവർത്തികൾക്ക് രൂപം നൽകി.



HOLY CROSS CHURCH KADALVATHURUTH ഇടവകയിലെ FATHERS DAY ദിനാചരണം



HOLY CROSS CHURCH KADALVATHURUTH ഇടവകയിലെ 2021-2022 അക്കാദമി വർഷത്തിൽ +2 വിദ്യാർത്ഥികൾക്കായി CAPPING ceremony രൂപതാ മതബോധന ഡയറക്ടർ FR. JOY SRAMBIKKAL ലും വികാരി FR. SHIJU KALLARAKKAL ലും കൂടി നിർവഹിച്ചു.



## യുവജനദിനം- 2022

സമ്പാളൂർ തീർത്ഥാടന ദൈവാലയത്തിൽ, ജൂലൈ 10-ാം തിയതി K.C.Y.M. ന്റെ നേതൃത്വത്തിൽ യുവജനദിനം ആഘോഷിച്ചു. അന്നത്തെ തിരുക്കർമ്മങ്ങൾക്ക് യുവജനങ്ങൾ നേതൃത്വം നല്കുകയും, ബലിയർപ്പണ മദ്ധ്യേ അഗതികൾക്ക് നൽകുവാനായി, നിത്യയുപയോഗ സാധനങ്ങൾ കാഴ്ചയർപ്പിക്കുകയുണ്ടായി. ഇടവക വികാരി റവ. ഡോ. ഫ്രാൻസിസ്ക്കോ പടമാടൻ പതാക ഉയർത്തി, ഉത്ഘാടനം നിർവ്വഹിച്ചു. അന്നേ ദിനത്തിൽ കോട്ടപ്പുറം രൂപത ഗ.ഇ.ഥ.ങ ഡയറക്ടർ റവ.ഫാ. ആന്റൺ ഇലഞ്ഞിക്കൽ സന്ദേശം നൽകുകയും, യുവജനങ്ങളുടെ നേതൃത്വത്തിൽ ഫ്ലാഷ് മോബും, 'ചോദ്യോത്തരങ്ങൾ' എന്ന സ്കിറ്റും, യുവജനദിനത്തെ വർണ്ണാഭമാക്കി. സഹവികാരി റവ.ഫാ. ഫിലിപ്പ് ടോണി പിൻഹീരോ, ആനിമേറ്റേഴ്സായ സിസ്റ്റർ മിനി, ഷൈൻ അവരേശ്, K.C.Y.M. പ്രസിഡന്റ് ജാക്സൻ സിമേതി, സെക്രട്ടറി സോന ഷാജു, കൂടാതെ മറ്റു ഭാരവാഹികളും സന്നിഹിതരായിരുന്നു.



HOLY CROSS CHURCH Kadalvathuruth ഇടവകയിലെ YOUTH DAY celebration



## കർക്കിടകമാസ ദിനാചരണം 2022

കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റി (കിഡ്സ്)യുടെ കമ്മ്യൂണിറ്റി ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കർക്കിടകമാസ ദിനാചരണം ബ2022 സംഘടിപ്പിച്ചു. കിഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ പോൾ തോമസ് കളത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗം, കിഡ്സിന്റെ സീനിയർ പൂമോട്ട് അംഗമായ ആയുർവേദ ഡോക്ടർ അനിൽഷ ലാലൻ ഉദ്ഘാടനം നിർവഹിച്ചു. കിഡ്സ് അസിസ്റ്റൻറ് ഡയറക്ടർ ഫാദർ ജോജോ പയ്യപ്പിള്ളി യോഗത്തിൽ സ്വാഗതം ആശംസിച്ചു. കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി എൽസി പോൾ, കിഡ്സ് അസിസ്റ്റൻറ് ഡയറക്ടർ ഫാദർ ജാപ്സൺ കാട്ടുപറമ്പിൽ , കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാദർ വർഗീസ് കാട്ടശ്ശേരി, കിഡ്സ് കോഡിനേറ്റർ ഫ്രാൻസിസ് കെ. സി എന്നിവർ യോഗത്തിൽ ആശംസകൾ അർപ്പിച്ചു. കർക്കിടകമാസ ദിനാചരണത്തിന്റെ പ്രാധാന്യത്തെ പറ്റി ഡോക്ടർ സീരി സൂരജ് നയിച്ച സെമിനാറും, കർക്കിടകക്കഞ്ഞി കൂട്ടു വി വങ്ങളുടെ പ്രദർശനവും, കർക്കിടക കഞ്ഞി വിതരണവും സംഘടിപ്പിച്ചു. ചടങ്ങിൽ വെച്ച് എസ് എസ് എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ സ്റ്റാഫ് അംഗങ്ങളുടെ മക്കൾക്കുള്ള അവാർഡ് ദാനവും നിർവഹിച്ചു. 115 എസ് എച്ച് ജി അംഗങ്ങൾ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു. എസ്. എച്ച് .ജി . കിഡ്സ് കോർഡിനേറ്റർ ഗ്രേസി ജോയ് ചടങ്ങിന് നന്ദി അർപ്പിച്ച് സംസാരിച്ചു. കിഡ്സ് സ്റ്റാഫ് അംഗങ്ങൾ കിഡ്സ് ആനിമേറ്റർമാർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

---

## കെസിവൈഎം കോട്ടപ്പുറം രൂപത യുവജനദിനാഘോഷം നടത്തപ്പെട്ടു

കെസിവൈഎം കോട്ടപ്പുറം രൂപതയുടെ യുവജന ദിനാഘോഷവും വിശുദ്ധ തോമസ് മൂർ അനുസ്മരണവും പറവൂർ കൊത്തോലെൻഗോ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു.. കുർബാനയോടുകൂടി ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. കെസിവൈഎം കോട്ടപ്പുറം രൂപത രൂപത വൈസ് പ്രസിഡന്റ് ആൽബിൻ കെ എസ് പതാക ഉയർത്തി. തുടർന്ന് കൊത്തോലെൻഗോ ദൈവാലയാങ്കണത്തിൽ പൊതുസമ്മേളനം നടത്തി. പ്രസിഡന്റ് പോൾ ജോസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം കെസിവൈഎം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ബിച്ചു കുര്യൻ തോമസ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ.ആന്റൺ ഇലഞ്ഞിക്കൽ ആമുഖ പ്രഭാഷണവും, കൊത്തോലെൻഗോ ഇടവക വികാരി റവ. ഫാ. റെക ്സൺ പിന്റോ അനുഗ്രഹ പ്രഭാഷണവും നടത്തി. രൂപത ജനറൽ സെക്രട്ടറി റെയ്ച്ചൽ ക്ലീറ്റസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഒരുവർഷം നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന ക്യാമ്പിന് അഇറ 29 എന്ന പേര് കെസിവൈഎം സംസ്ഥാന ജനറൽ സെക്രട്ടറി പ്രഖ്യാപിച്ചു. പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം ആഹ്വാനം ചെയ്തുകൊണ്ട് പരിസ്ഥിതി കിറ്റ് വിതരണം രൂപത ഡയറക്ടർ റവ. ഫാ. ആന്റൺ ഇലഞ്ഞിക്കൽ കെസിവൈഎം കൊത്തലെംഗോ ഇടവക ഭാരവാഹികൾക്ക് കൈമാറി നടത്തപ്പെട്ടു. കെസിവൈഎം കൊത്തോലെൻഗോ പ്രസിഡന്റ് ശ്രുതിൽ എല്ലാവർക്കും നന്ദി അർപ്പിച്ചു. കൊത്തോലെൻഗോ കെസിവൈഎം യൂണിറ്റിലെയും കൊത്തലംഗോ കൊത്തോലെൻഗോ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും സ്നേഹവിരുന്നും സംഘടിപ്പിച്ചു. കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിലെ യുവജനങ്ങൾ പരിപാടിയിൽ സംബന്ധിച്ചു. കെസിവൈഎം കോട്ടപ്പുറം രൂപത ഭാരവാഹികൾക്കൊപ്പം കൊത്തോലെൻഗോ ഇടവകയിലെ കെസിവൈഎം പ്രവർത്തകരും പരിപാടികൾക്ക് നേതൃത്വം നൽകി

---



ചെട്ടിക്കാട് വി. അന്തോണീസിന്റെ ദേവാലയ മുറ്റത്ത് സ്ഥാപിച്ച 18 അടി ഉയരമുള്ള വി. അന്തോണീസിന്റെ തിരുസ്വരൂപം കണ്ണൂർ രൂപതാ മെത്രാൻ റൈറ്റ്.റവ.ഡോ. അലക്സ് വടക്കുതല ആശീർവദിക്കുന്നു. റെക്ടർ ഫാ. ബിനു മുക്കത്ത്, ഫാ. വിബിൻ മുതലാംപറമ്പിൽ എന്നിവർ സമീപം